(ഇ) പുനരധിവാസത്തിന്റെ ഭാഗമായി ഭവന നിർമ്മാണത്തിന് മുന്നോട്ടുവന്ന ഏജൻസികൾ ഏതൊക്കെയാണ്;

(എഫ്) ഓരോന്നിന്റെയും പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) സുനാമി ദുരിതബാധിതരെ പുനരധിവസിപ്പിക്കുവാൻ മത-സന്നദ്ധ-രാഷ്ട്രീയ ഏജൻസികളുടെ സഹായത്തോടെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 4043 വീടുകൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുവരെ കൊല്ലം ആലപ്പുഴ എറണാകുളം ജില്ലകളിൽ 159 വീടുകൾ നിർമ്മിച്ച് കഴിഞ്ഞു. 2005 ഡിസംബറിന് മുമ്പ് വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ പുനസ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്ന് വരുന്നു.

(ബി)—(ഡി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇതുവരെ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാന പ്രകൃതിക്ഷോഭദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക 100 കോടി രൂപയാണ്. 26-12-2004-ലെ സുനാമി ദുരന്തത്തിനുശേഷം 28-6-2005 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 39,68,63,684 രൂപ ലഭിച്ചിട്ടുണ്ട്. സംഘടനകളിൽ നിന്ന് ലഭിച്ച തുക 13,91,15,833 രൂപയും രാഷ്ട്രീയ പാർട്ടികളിൽനിന്ന് ലഭിച്ച തുക 45,00,000 രൂപയുമാണ്.

(ഇ) ഭവന നിർമ്മാണത്തിനായി മുന്നോട്ടുവന്ന ഏജൻസികളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(എഫ്) പ്രവർത്തനപുരോഗതി വിലയിരുത്തിവരുന്നു.

**സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭരിച്ച തുക**

172 [173] *ശ്രീ. സി. കെ. നാണു:*
„ *എ. സി. ഷണ്മുഖദാസ്:*
„ *കെ. പി. മോഹനൻ:*
*ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ ഫണ്ടിലേക്ക് എത്ര രൂപ സംഭരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്ന് എത്ര തുക ലഭിച്ചെന്ന് വ്യക്തമാക്കാമോ;

(സി) സന്നദ്ധസംഘടനകളും സ്ഥാപനങ്ങളും നൽകിയ സഹായങ്ങൾ വ്യക്തമാക്കാമോ;

(ഡി) ഏതൊക്കെ ഇനങ്ങളിലായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

*ഉത്തരം*

(എ) സുനാമി ദുരിതാശ്വാസ ഫണ്ട് എന്ന ഒരു പ്രത്യേക ഫണ്ട് നിലവിലില്ല. സുനാമി ദുരിതാശ്വാസത്തിനായി കേന്ദ്ര ഗവൺമെന്റ് ഇതിനകം അനുവദിച്ച 100 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിക്ഷേപിച്ച് ചെലവ് ചെയ്ത് വരുന്നു. പൊതുജനങ്ങൾ, സന്നദ്ധസംഘടനകൾ, ഗവൺമെന്റിതര ഏജൻസികൾ എന്നിവ സുനാമി ദുരിതാശ്വാസത്തിനായി നൽകിയ തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 26-12-2004 മുതൽ 28-6-2005 വരെ 39,68,63,684 രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിൽ നിന്നും സുനാമി ദുരിതാശ്വാസത്തിനായി 100 കോടി രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്.

(സി) പൊതുജനങ്ങൾ സന്നദ്ധസംഘടനകൾ ഗവൺമെന്റിതര സ്ഥാപനങ്ങൾ എന്നിവ പണമായി നൽകിയ സഹായത്തെ സംബന്ധിച്ച വിവരം ചോദ്യം "എ"-യുടെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സംഘടനകളിൽ നിന്നും ലഭിച്ച തുക 13,91,15,833 രൂപയും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത് 19,68,80,147 രൂപയുമാണ്. പണമായിട്ടല്ലാതെ ദുരിതാശ്വാസമേഖലയിൽ നേരിട്ട് നൽകിയ സഹായം സംബന്ധിച്ച കണക്ക് സർക്കാരിൽ ലഭ്യമല്ല. അതു കൂടാതെ പൂർണ്ണമായി നശിച്ചവീടുകൾ, അംഗനവാടികൾ, സ്കൂളുകൾ, പ്രൈമറിഹെൽത്ത് സെന്ററുകൾ എന്നിവ പുനർനിർമ്മിക്കുന്നതിന് ടി സ്ഥാപനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. ടി പ്രവൃത്തികൾ അവ ചെയ്യുവാൻ സന്നദ്ധമായവർക്ക് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

(ഡി) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 2004-2005 സാമ്പത്തിക വർഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 58.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ ഇനം തിരിച്ചുള്ള വിവരം താഴെ കാണുംപ്രകാരമാണ്. 2005-2006 വർഷം വിവിധ ജില്ലാ കളക്ടർമാർക്കായി അനുവദിച്ച 23.15 കോടി രൂപ ചെലവഴിച്ചുവരുന്നു.

**2004-2005 വർഷത്തെ ഇനം തിരിച്ചുള്ള ചെലവ്**

| | | *രൂപ ലക്ഷത്തിൽ* |
|---|---|---|
| 1 | ധനസഹായം | 384.80 |
| 2 | മരണമടഞ്ഞ കുടുംബങ്ങൾക്കുള്ള ധനസഹായം | 173.50 |
| 3 | പരിക്കേറ്റവർക്കുള്ള ധനസഹായം | 121.41 |
| 4 | ആളുകളെ മാറ്റി പാർപ്പിക്കൽ | 591.10 |
| 5 | ആഹാരവും വസ്ത്രവും | 1064.28 |

LIBRARY ARCHIVES Kerala Legislative Assembly

| | രൂപ ലക്ഷത്തിൽ |
|---|---|
| 6 മരുന്നു വിതരണം | 83.25 |
| 7 കുടിവെള്ള വിതരണം | 57.98 |
| 8 മൃഗ സംരക്ഷണം | 0.34 |
| 9 റോഡുകളുടെയും പാലങ്ങളുടെയും അറ്റകുറ്റപ്പണികൾ | 6.18 |
| 10 കുടിവെള്ള വിതരണം, ഡ്രെയിനേജ് എന്നീ പദ്ധതികളുടെ അറ്റകുറ്റപ്പണികൾ | 1.00 |
| 11 കടൽഭിത്തികളുടെ കേടുപാടു പോക്കൽ | 2.43 |
| 12 വീടുകളുടെ നാശനഷ്ടത്തിന് ധനസഹായം | 645.38 |
| 13 മീൻപിടിക്കുന്നതിനുള്ള വള്ളം, വല, അനുബന്ധ ഉപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടതിന് ധനസഹായം | 1385.00 |
| 14 മറ്റിനങ്ങൾ (ഇതിൽ മത്സ്യ തൊഴിലാളി കുടുംബങ്ങൾക്ക് നൽകിയ ധനസഹായങ്ങളും ഉൾപ്പെടും) | 1297.50 |
| **ആകെ** | **5814.15** |

കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും സൗജന്യറേഷൻ വിതരണം, ചികിൽസാ ധനസഹായം, മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യസമാശ്വാസ പദ്ധതി എന്നീ ഇനങ്ങളിലായി 12,93,80,085 രൂപ ചെലവഴിച്ചിട്ടുണ്ട്.

## സുനാമി ദുരിതാശ്വാസം

173 [174] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും. നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസത്തിനുവേണ്ടി സംസ്ഥാന സർക്കാർ എത്ര കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്.

(ബി) വിവിധ ഏജൻസികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും എത്ര കോടി രൂപ വീതമാണ് ലഭിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) സുനാമി ദുരിതാശ്വാസത്തിനുവേണ്ടി എ.ഡി.ബി., ലോകബാങ്ക്, യു.എൻ.ഡി.പി. സംയുക്ത സംരംഭത്തിൽ നിന്നും കേരളം വായ്പക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; എത്ര കോടി രൂപ ലഭിച്ചു;

LIBRARY ARCHIVES Kerala Legislative Assembly